പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5822 — 02.07.2019 ൽ മറുപടിയ്ക്ക്

## ഐ.ടി.ഐ. കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് നടപടി

*ചോദ്യം*

ശ്രീ.എൻ. വിജയൻ പിള്ള :

*ഉത്തരം*

ശ്രീ. ടി.പി. രാമകൃഷ്ണൻ.
(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി)

| | |
|---|---|
| **(എ)** സംസ്ഥാനത്ത് സർക്കാർ, സ്വകാര്യ മേഖലകളിലായി എത്ര ഐ.ടി.ഐ.കൾ പ്രവർത്തിയ്ക്കുന്നു; കഴിഞ്ഞ മൂന്നു വർഷത്തിനിടെ എത്ര ഐ.ടി.ഐ.കൾ പുതിയതായി സർക്കാർ മേഖലയിൽ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ; | **(എ)** സംസ്ഥാനത്ത് 99 സർക്കാർ ഐ.ടി.ഐകളും 288 സ്വകാര്യ ഐ.ടി.ഐകളും നിലവിലുണ്ട്. കഴിഞ്ഞ 3 വർഷത്തിനിടെ സർക്കാർ മേഖലയിൽ 17 പുതിയ ഐ.ടി.ഐകൾ ആരംഭിച്ചിട്ടുണ്ട്. |
| **(ബി)** ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ കേരളത്തിലെ ഏതൊക്കെ ഐ..ടി.ഐ. കളെയാണ് ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്; ഇവിടെ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ? | **(ബി)** സംസ്ഥാനത്തെ 12 ഐ.ടി.ഐകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ധനുവച്ചപുരം, കൊല്ലം, ചെങ്ങന്നൂർ, ഏറ്റുമാനൂർ, കട്ടപ്പന, ചാലക്കുടി, മലമ്പുഴ, കൊയിലാണ്ടി, കണ്ണൂർ, കയ്യൂർ എന്നീ 10 സർക്കാർ ഐ.ടി.ഐകളെ കിഫ്ബിയിൽ നിന്നുള്ള സാമ്പത്തിക സഹായം ഉപയോഗിച്ചും, തിരുവനന്തപുരം ജില്ലയിലെ ഗവ.ഐ.ടി.ഐ ചാക്ക, കോഴിക്കോട് ജില്ലയിലെ ഗവ.ഐ.ടി.ഐ കോഴിക്കോട് എന്നീ ഐ.ടി.ഐകളെ വകുപ്പിലെ തനത് ഫണ്ട് ഉപയോഗിച്ചുമാണ് രാജ്യാന്തര പദവിയിലേയ്ക്ക് ഉയർത്തുന്നത്. ടി 12 ഐ.ടി.ഐകളുടെ നിലവാരം അന്താരാഷ്ട്ര തലത്തിലേയ്ക്ക് ഉയർത്തുന്നതിന് ഉതകുന്ന രീതിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങളാണ് അനുവദിച്ചിട്ടുള്ള ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്നത്. |

Bindu

സെക്ഷൻ ഓഫീസർ